# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 1846** — **17.06.2013-ൽ മറുപടിയ്ക്ക്**

## റോഡപകടങ്ങളുടെ സ്ഥിതി വിവര കണക്കുകൾ

**ചോദ്യം**

ശ്രീ. മാത്യു റ്റി തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ.നാണു
ശ്രീമതി. ജമീലാ പ്രകാശം

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

(എ) റോഡപകടങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ വിലയിരുത്തുന്ന സംവിധാനം നിലവിലുണ്ടോ;

(എ) ഉണ്ട്.

(ബി) വാഹനങ്ങളുടെ എണ്ണം അമിതമായി പെരുകുമ്പോൾ 2005നു ശേഷമുള്ള വർഷങ്ങളിൽ നേരിയ തോതിലെങ്കിലും അപകടങ്ങളുടെ എണ്ണം കുറഞ്ഞു വന്നതായി കണക്കുകൾ വ്യക്തമാക്കുന്നുണ്ടോ;

(ബി) 2005 മുതൽ 2010 വരെയുള്ള കാലയളവിൽ അപകടങ്ങളുടെ എണ്ണം നേരിയ തോതിൽ കുറഞ്ഞു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ 2011-12 വർഷങ്ങളിലെ കണക്കുകൾ നിരീക്ഷിച്ചാൽ അപകട നിരക്ക് നേരിയ തോതിൽ വർദ്ധിക്കുന്നതായി കാണുന്നു.

(സി) 2005 മുതൽ 2012 വരെ ഓരോ വർഷവും സംസ്ഥാനത്തുണ്ടായ റോഡപകടങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) 2005 മുതൽ 2012 വരെ ഓരോ വർഷവും സംസ്ഥാനത്തുണ്ടായ റോഡപകടങ്ങൾ ചുവടെ ചേർക്കുന്നു.

2005 മുതൽ 2012 വരെ ഓരോ വർഷവും സംസ്ഥാനത്തുണ്ടായ റോഡപകടങ്ങൾ

| വർഷം | 2005 | 2006 | 2007 | 2008 | 2009 | 2010 | 2011 | 2012 |
|---|---|---|---|---|---|---|---|---|
| ആകെ റോഡപകടങ്ങൾ | 42363 | 41647 | 39917 | 37263 | 35433 | 35044 | 35216 | 36174 |

| | |
|---|---|
| (ഡി) 2005 മുതൽ കുറഞ്ഞു വന്നിരുന്ന അപകടങ്ങളുടെ എണ്ണം വർദ്ധനവിലേക്ക് മാറുന്നത് കണക്കിലെടുത്ത് അതിന്റെ കാരണങ്ങൾ പഠിച്ച് പരിഹാരങ്ങൾ കണ്ടെത്താൻ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ? | (ഡി) വാഹനങ്ങളുടെ ക്രമാതീതമായ വർദ്ധനവും അതിനു വേണ്ട വിധത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവും വാഹനാപകടങ്ങളുടെ വർദ്ധനവിന് കാരണമാകുന്നു. ഇത്തരമൊരു സാഹചര്യത്തിൽ കർശനമായ ട്രാഫിക് എൻഫോഴ്സ്മെന്റിലൂടെ വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിന് പോലീസ് വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളായ സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, സ്പീഡ് റഡാറുകൾ, ഇന്റർസെപ്റ്ററുകൾ, ആൾക്കോമീറ്റർ എന്നിവ ഉപയോഗിച്ച് വാഹന പരിശോധനകൾ നടത്തി അപകടങ്ങൾക്ക് കാരണമാകുന്ന രീതിയിൽ വാഹനമോടിക്കുന്നവരെ കണ്ടെത്തി നടപടികൾ എടുക്കാനും ബോധവൽക്കരണം നടത്തുന്നതിനുമുള്ള കർശന നിർദ്ദേശം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുണ്ട്.<br>2. മദ്യപിച്ച് വാഹനമോടിച്ച് അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും അവരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കാതെ വാഹനമോടിക്കുന്നത് തടയുക, രാത്രികാലങ്ങളിൽ ഹെഡ്ലൈറ്റ് ഡിം ചെയ്യാതെ വാഹനമോടിക്കുന്നത് തടയുക, LED പോലുള്ള ഹൈ ബീം ലൈറ്റുകളുടെ ഉപയോഗം നിയന്ത്രിക്കുക, നാഷണൽ ഹൈവേകളിലും സ്റ്റേറ്റ് ഹൈവേകളിലും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ, ഫ്ളക്സ് ബോർഡുകൾ, ബാനറുകൾ എന്നിവ ബന്ധപ്പെട്ട അധികാരികളുമായി ചേർന്ന് നീക്കം ചെയ്യുക തുടങ്ങിയ കാര്യങ്ങളിൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. ട്രാഫിക് നിയമം ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കി വാഹന പരിശോധന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് പോലീസ് ആസ്ഥാനത്ത് നിന്നും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**